# തവസ്സുൽ: ദുർവ്യാഖ്യാനത്തിലെ മാസ്റ്റർ പീസ്

ശാഫി സ്വലാഹി ചങ്ങലീരി

---

മഹാത്മാക്കളെ തവസ്സുലാക്കി(ഇടതേടി) പ്രാർത്ഥിക്കാൻ തെളിവായി സുന്നി മുസ്ല്യാക്കന്മാർ ഏറ്റവും കൂടുതൽ ദുർവ്യാഖ്യാനിക്കാറുള്ള, അവരുടെ മാസ്റ്റർപീസ് തെളിവാണ് വിശുദ്ധഖുർആനിലെ 5-ാം അധ്യായം സൂറ:മാഇദിലെ 35-ാം വചനം. ഈ ആയത്തിന് പ്രസിദ്ധ സുന്നി പണ്ഡിതനായ ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയതങ്ങൾ നൽകുന്ന അർത്ഥം ആദ്യമായി കാണുക:

(അൽബയാൻ ഫീമആനിൽ ഖുർആൻ പേ: 147)



ജുസ്അ് 6 | 147 | സൂറ 5 മാഇദ

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾

5/35. വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അവങ്കലേക്ക് അടുപ്പിക്കുന്ന മാർഗ്ഗം അന്വേഷിക്കുകയും, അവന്റെ മാർഗ്ഗത്തിൽ പോരാടുകയും ചെയ്യുവിൻ. നിങ്ങൾ വിജയികളാകാൻ വേണ്ടി.

ഇനി ഈ ആയത്തിനെ ചില മുസ്ല്യാക്കന്മാർ ദുർവ്യാഖ്യാനിക്കുന്നത് ശ്രദ്ധിക്കുക:

(തൗഹീദ് ഒരു സമഗ്ര പഠനം പേ:206 നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ല്യാർ)



206 | തൗഹീദ്

## ഖുർആൻ അംഗീകരിക്കുന്നു

വിശുദ്ധ ഖുർആനിന്റെയും, ഹദീസിന്റെയും വെളിച്ചത്തിൽ തന്നെയാണ് പണ്ഡിതൻമാർ ഇക്കാര്യം അംഗീകരിച്ചതെന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. താഴെ കൊടുത്ത ആയത്തുകൾ ശ്രദ്ധിക്കുക.

يا ايها الذين آمنوا اتقوا الله وابتغوا اليه الوسيلة ( المائدة ٣٥ )

"സത്യവിശ്വാസികളെ, അല്ലാഹുവിന് തഖ്‌വ ചെയ്യുകയും അവനിലേക്ക് വസീല തേടുകയും ചെയ്യുക" ഈ വസീലയിൽ അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാം ഉൾപ്പെടുമെന്ന് അല്ലാമാ സ്വാവി 1-245ലും, ഇതിൽ സ്വാലിഹായ അമലുകൾ മാത്രമല്ല സജ്ജനങ്ങളും ഉൾക്കൊള്ളുമെന്ന് റൂഹുൽ ബയാൻ 59-ാം ഭാഗത്തിലും, താജുത്തഫാസീർ എന്ന തഫ്സീർ ഗ്രന്ഥത്തിൽ അസ്സയ്യിദു മുഹമ്മദുൽ മീർഗനിയും (1-119) വ്യക്തമാക്കിയിട്ടുണ്ട് (ഇദ്ദേഹം ഹി. 1208-ൽ ജനിച്ചു 1267-ൽ മരിച്ചു. സൂഫികളിൽപെട്ട ഒരു ഹനഫീ പണ്ഡിതനാണദ്ദേഹമെന്നു ഹദിയ്യത്തുൽ ആരിഫീൻ 373-ൽ രേഖപ്പെടുത്തിയിരിക്കുന്നു.)

മറ്റൊരു മുസ്ല്യാർ ഈ ആയത്തിനെ ദുർവ്യാഖ്യാനിക്കുന്നത് കാണുക:

**(സുന്നത്ത് ജമാഅത്ത് ഖുർആനിൽ പേ:123 ഹംസക്കോയ ബാഖവി)**



**തവസ്സുൽ**

അല്ലാഹു തൃപ്തിപ്പെട്ട കാര്യത്തെ മുൻനിർത്തി അല്ലാഹുവോട് പ്രാർത്ഥിക്കുന്നതിനാണ് തവസ്സുൽ എന്നു പറയുന്നത്. അല്ലാഹു തൃപ്തിപ്പെട്ട കാര്യം അവന്റെ വിശേഷണമോ, അവന്റെ ഇഷ്ടദാസൻമാരായ അടിമകളോ (അമ്പിയാക്കൾ, ഔലിയാക്കൾ, മലക്കുകൾ, സ്വാലിഹീങ്ങൾ തുടങ്ങിയവർ) പ്രാർത്ഥിക്കുന്നവന്റെ സൽകർമ്മങ്ങളോ ആകാം. ഈ നിലക്ക് ഇത്തരം മഹാൻമാരെ ഇടയാളൻമാരാക്കി പ്രാർത്ഥിക്കൽ ശിർക്കും അത് ചെയ്യുന്നവൻ മുശ്രിക്കുമാണെന്നാണ് നവീനാശയക്കാരുടെ വാദം. തവസ്സുൽ തെറ്റാണെന്ന് ഖുർആനിന്റെയോ, ഹദീസിന്റെയോ അടിസ്ഥാനത്തിൽ ആർക്കും സമർത്ഥിക്കാൻ സാധ്യമല്ല. അല്ലാഹു പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ

الْوَسِيلَةَ - المائدة : ٣٥

(സത്യവിശ്വാസികളെ, അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. അവനിലേക്കു നിങ്ങൾ വസീല (മദ്ധ്യവർത്തി) തേടുകയും ചെയ്യുക.) ഇടയാളൻമാരെ സ്വീകരിക്കണം എന്നാണല്ലോ ഈ ആയത്തു കൽപിക്കുന്നത്.

മേൽ ദുർവ്യാഖ്യാനങ്ങളിലൂടെ മുസ്ല്യാക്കൻമാർ വാദിക്കുന്നത് ഈ ആയത്തിൽ സൽകർമങ്ങൾ മാത്രമല്ല, സജ്ജനങ്ങളും ഉൾപ്പെടുമെന്നാണല്ലോ. മറ്റുചില മുസ്ല്യാക്കൻമാർ കൂടി ഈ ആയത്തിനെ ദുർവ്യാഖ്യാനി ക്കുന്നത് കാണുക: 'റദ്ദുൽ വഹാബിയ്യ' എന്നപേരിൽ മുമ്പ് സമസ്തക്കാർ വിതരണം ചെയ്തിരുന്ന പുസ്തകത്തിൽ എഴുതുന്നു: "വസീലത്തുകൾ അമലുകൾ മാത്രമാണെന്ന് വഹാബികളും രൂപം തിരിഞ്ഞ് കാണുന്ന ദവാത്തുകൾ എന്ന തടികൾ മാത്രമാണെന്ന് സുന്നിയാക്കളും വാദിക്കുന്നു." *(റദ്ദുൽവഹാബിയ്യ പേ: 67)*

സമസ്തയുടെ സ്ഥാപകനേതാവായ റശീദുദ്ദീൻ മൂസമുസ്ലിയാർ എഴുതുന്നു: "മേൽ ആയത്തിലുള്ള വസീല എന്നതിന് ഇടയാളൻമാരായ ദാത്തുകൾ എന്നർത്ഥം കൊടുക്കുന്നതാണ് നല്ലതെന്ന് തിർച്ചപ്പെട്ടു" *(അൽ ഖൗലുസ്സദീദ് പേ: 131)*

നോക്കൂ! ഈ ആയത്തിലുദ്ദേശിക്കുന്നത് സൽകർമ്മമല്ല ഇടയാളൻമാരാണെന്നാണല്ലോ മേൽ ഉദ്ധരണികളിലൂടെ സമർത്ഥിക്കുന്നത്. എന്നാൽ അങ്ങനെ ഈ ആയത്തിൽ പറയുന്നുണ്ടോ? നമ്മേക്കാൾ ആഴത്തിൽ ഖുർആൻ പഠിച്ച പൂർവ്വികരായ പണ്ഡിതൻമാർ അങ്ങനെ ആയത്തിൽ നിന്ന് മനസ്സിലാക്കിയിട്ടുണ്ടോ? നമുക്ക് പരിശോധിക്കാം. അതിനു മുമ്പായി ഈ ആയത്തിലൂടെ അല്ലാഹു സത്യവിശ്വസികളോട് കൽപിക്കുന്ന കാര്യങ്ങളെന്തെല്ലാമാണെന്ന് നോക്കാം.

സത്യവിശ്വസികളുടെ ഇഹ-പര വിജയത്തിനുള്ള മൂന്ന് കാര്യങ്ങളാണ് ഈ ഖുർആൻ വാക്യത്തിൽ അല്ലാഹു ചൂണ്ടികാണിച്ചിരിക്കുന്നത്.

**1 ഇത്തഖുല്ലാഹ്:** (അല്ലാഹുവിനെ സൂക്ഷിക്കുക) അല്ലാഹുവിന്റെ കൽപനാ നിർദ്ദേശങ്ങൾ ജിവിതത്തിൽ കഴിവിൻ പരമാവധി പാലിക്കുകയും അനുസരിക്കുകയും ചെയുക; അവൻ വിരോധിച്ച എല്ലാകര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

**2 വബ്തഗൂ ഇലൈഹിൽ** വസീല: (അല്ലാവിലേക്ക് സാമിപ്യം തേടുക) അല്ലാഹു

തൃപ്തിപ്പെട്ടതും അവൻ കൽപിച്ചതുമായ പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച് അവനുമായുള്ള അടുപ്പവും സാമീപ്യവും സമ്പാദിക്കുക എന്നതാണ് തവസ്സുലാക്കുക എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. (ഈഭാഗം വിശദമായി ശേഷം വിശദീകരിക്കുന്നുണ്ട്.)

**3 വജാഹിദൂ ഫീസബീലില്ലാഹ്:** (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മസമരം ചെയ്യുക) ഇസ്‌ലാമിന്റെ നിയമ നിർദ്ദേശങ്ങളും ആചാരാനുഷ്ഠാനങ്ങളുമെല്ലാം സ്വന്തം ജീവിതത്തിൽ പകർത്തുകയും മറ്റുള്ളവർക്കിടയിൽ അത് പ്രചരിപ്പിക്കുകയും അത് നിലനിർത്താനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുകയുംചെയ്യുക എന്നതാണ് അവന്റെ മാർഗ്ഗത്തിലുള്ള ധർമ്മസമരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഈ മൂന്ന് കാര്യങ്ങളും പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്ന വിശ്വാസികൾക്കാണ് ഇഹത്തിലും പരത്തിലും വിജയം നേടാൻ കഴിയുക. ഇതാണ് ഈ ആയത്തിലൂടെ ഖുർആൻവ്യക്തമാക്കുന്നത്.

ഇനി മേൽ ആയത്തിലെ 'വസീല തേടുക' എന്നതിനെ

ഇമാംഇബ്നുജരീർ(റ) ഇവിടെ അബുവാഇൽ(റ), അത്വാഅ്(റ), സുദ്ദി(റ), ഖതാദ(റ) മുജാഹിദ്(റ), ഹസ്സൻ (റ), അബ്ദുല്ലാഹിബ്നുകസീർ(റ), ഇബ്നുസൈദ്(റ) എന്നീ എട്ട് മഹാൻമാരിൽ നിന്നെല്ലാം ഈ ആയത്തിന്റെ അർത്ഥം ഉദ്ധരിക്കുന്നു. അവരെല്ലാം നൽകുന്ന അർത്ഥം സൽകർമ്മങ്ങളിലൂടെയുള്ള. 'ഖുർബത്ത്'(അടുപ്പം) എന്നാണ്. മറ്റാരെങ്കിലും മറ്റേതെങ്കിലും അർത്ഥം പറഞ്ഞതായി ഉദ്ധരച്ചിട്ടേയില്ല.

അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിന്റെ മറ്റൊരു മുഫസ്സിറായ ഇമാംഖുർതുബി(റ) ഈ ആയത്തിനെ വിശദീകരിക്കുന്നത് കണുക:

പൗരാണികരും പ്രാമാണികരുമായ മുഫസ്സിറുകൾ(ഖുർആൻ വ്യാഖ്യാതാക്കൾ) എങ്ങനെയാണ് മനസ്സിലാക്കിയത് എന്ന് നമുക്ക് പരിശോധിക്കാം.

ശാഫിഈ മദ്ഹബിലെ മുഫസ്സിറായ ഇമാം ഇബ്നുകസീർ(റ) 'വസീല'യുടെ അർഥം സൽകർമ്മമാണെന്ന് പറഞ്ഞശേഷം ഈ വിഷയത്തിൽ 'ഇജ്മാഅ്' (പണ്ഡിതന്മാരുടെ ഏകാഭിപ്രായം) ഉണ്ടെന്ന്വരെ വ്യക്തമാക്കുന്നു. അത് കാണുക:

**(തഫ്സീർ ഇബ്നുകസീർ 2/53)**



٥٢ سورة المائدة

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾ إِنَّ الَّذِينَ كَفَرُوا لَوْ أَنَّ لَهُم مَّا فِي الْأَرْضِ جَمِيعًا وَمِثْلَهُ مَعَهُ لِيَفْتَدُوا بِهِ مِنْ عَذَابِ يَوْمِ الْقِيَامَةِ مَا تُقُبِّلَ مِنْهُمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٣٦﴾ يُرِيدُونَ أَن يَخْرُجُوا مِنَ النَّارِ وَمَا هُم بِخَارِجِينَ مِنْهَا وَلَهُمْ عَذَابٌ مُّقِيمٌ ﴿٣٧﴾

يقول تعالى آمرا عباده المؤمنين بتقواه وهي إذا قرنت بطاعته كان المراد بها الانكفاف عن المحارم وترك المنهيات وقد قال بعدها (وابتغوا إليه الوسيلة) قال سفيان الثوري عن طلحة عن عطاء عن ابن عباس أي القربة . وكذا قال مجاهد وأبو وائل والحسن وقتادة وعبد الله بن كثير والسدي وابن زيد وغير واحد، وقال قتادة أي تقربوا إليه بطاعته والعمل بما يرضيه ، وقرأ ابن زيد (أولئك الذين يدعون يبتغون إلى ربهم الوسيلة) وهذا الذي قاله هؤلاء الأئمة لا خلاف بين المفسرين فيه . وأنشد عليه ابن جرير قول الشاعر :

അർത്ഥം "......ഈ ഇമാമുകളെല്ലാം പറയുന്നത് ഇതാണ് (സൽകർമ്മംഎന്ന്) ഇതിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമില്ല" (തഫ്സീർ ഇബ്നുകസീർ 2/53)

പൗരാണിക തഫ്സീറുകളിൽ ഏറ്റവും ആധികാരികമായ 'തഫ്സീർ ത്വബ്‌രി'യിൽ പ്രസ്തുത ആയത്തിന് നൽകിയ മുഴുവൻ വ്യാഖ്യാനങ്ങളും കാണുക.:

[തഫ്സീറുത്വബ്‌രി 4/566, 567]



٥٦٦ ———— سورة المائدة / الآية: ٣٥

القول في تأويل قوله عز ذكره: ﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ﴾.

قال أبو جعفر: يعني جل ثناؤه بذلك: يا أيها الذين صدقوا الله ورسوله فيما أخبرهم ووعد من الثواب وأوعد من العقاب، ﴿اتقوا الله﴾، يقول: أجيبوا الله فيما أمركم ونهاكم بالطاعة له في ذلك، وحققوا إيمانكم وتصديقكم ربكم ونبيكم بالصالح من أعمالكم، ﴿وابتغوا إليه الوسيلة﴾، يقول: واطلبوا القربة إليه بالعمل بما يرضيه.

و﴿الوسيلة﴾: هي «الفعيلة» من قول القائل: «توسلت إلى فلان بكذا» بمعنى: تقربت إليه، ومنه قول عنترة:

إنَّ الرِّجالَ لَهُمْ إليكِ وَسيلةٌ إنْ يأخُذوكِ، تَكَحَّلي وَتَخَضَّبي

يعني بـ «الوسيلة»، القُرْبة، ومنه قول الآخر:

إذا غَفَلَ الواشُونَ عُدْنا لِوَصْلِنا وَعادَ التَّصافي بَيْنَنا وَالوَسائِلُ

وبنحو الذي قلنا في ذلك قال أهل التأويل.

ذكر من قال ذلك:

١١٩٠٣ - حدثنا ابن بشار قال، حدثنا أبو أحمد الزبيري قال، حدثنا سفيان، ح، وحدثنا ابن وكيع قال، حدثنا زيد بن الحباب، عن سفيان، عن منصور، عن أبي وائل: ﴿وابتغوا إليه الوسيلة﴾، قال: القربة في الأعمال.

١١٩٠٤ - حدثنا هناد قال، حدثنا وكيع، ح، وحدثنا سفيان قال، حدثنا أبي، عن طلحة، عن عطاء: ﴿وابتغوا إليه الوسيلة﴾، قال: القربة.

١١٩٠٥ - حدثني محمد بن عمرو قال، حدثنا أحمد قال، حدثنا أسباط، عن السدي: ﴿يا أيها الذين آمنوا اتقوا الله وابتغوا إليه الوسيلة﴾، قال: فهي المسألة والقربة.

١١٩٠٦ - حدثنا بشر قال، حدثنا يزيد قال، حدثنا سعيد، عن قتادة قوله: ﴿وابتغوا إليه الوسيلة﴾، أي: تقربوا إليه بطاعته والعمل بما يرضيه.

١١٩٠٧ - حدثني المثنى قال، حدثنا أبو حذيفة قال، حدثنا شبل، عن ابن أبي نجيح، عن مجاهد: ﴿وابتغوا إليه الوسيلة﴾، القربة إلى الله جل وعز.

١١٩٠٨ - حدثني المثنى قال، حدثنا إسحق قال، حدثنا عبد الرزاق قال، أخبرنا معمر، عن الحسن في قوله: ﴿وابتغوا إليه الوسيلة﴾، قال: القربة.

١١٩٠٩ - حدثنا القاسم قال، حدثنا الحسين قال، حدثني حجاج، عن ابن جريج، عن عبدالله بن كثير قوله: ﴿وابتغوا إليه الوسيلة﴾، قال: القربة.

١١٩١٠ - حدثني يونس قال، أخبرنا ابن وهب قال، قال ابن زيد في قوله: ﴿وابتغوا إليه الوسيلة﴾، قال: المحبة، تحببوا إلى الله. وقرأ: ﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ﴾ [الإسراء: ٥٧].

ഇമാംഇബ്നുജരീർ(റ) ഇവിടെ അബൂവാഇൽ(റ), അത്വാഉ്(റ), സുദ്ദി(റ), ഖതാദ(റ) മുജാഹിദ്(റ), ഹസ്സൻ (റ), അബ്ദുല്ലാഹിബ്നുകസീർ(റ), ഇബ്നുസൈദ്(റ) എന്നീ എട്ട് മഹാൻമാരിൽ നിന്നെല്ലാം ഈ ആയത്തിന്റെ അർത്ഥം ഉദ്ധരിക്കുന്നു. അവരെല്ലാം നൽകുന്ന അർത്ഥം സൽകർമ്മങ്ങളിലൂടെയുള്ള 'ഖുർബത്ത്'(അടുപ്പം) എന്നാണ്. മറ്റാരെങ്കിലും മറ്റേതെങ്കിലും അർത്ഥം പറഞ്ഞതായി ഉദ്ധരിച്ചിട്ടേയില്ല.

ഇനി അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ മറ്റൊരു മുഫസ്സിറായ ഇമാംഖുർതുബി(റ) ഈ ആയത്തിനെ വിശദീകരിക്കുന്നത് കണുക:

(ജാമിഉൽ ബയാൻ 6/104)



١٠٤ ............ الجزء السادس - سورة المائدة: الآيات (٣٥ - ٣٩)

قوله تعالى: ﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ وَجَٰهِدُوا۟ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ۝٣٥ إِنَّ ٱلَّذِينَ كَفَرُوا۟ لَوْ أَنَّ لَهُم مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لِيَفْتَدُوا۟ بِهِۦ مِنْ عَذَابِ يَوْمِ ٱلْقِيَٰمَةِ مَا تُقُبِّلَ مِنْهُمْ ۖ وَلَهُمْ عَذَابٌ أَلِيمٌ ۝٣٦﴾

/قوله تعالى: ﴿يا أيها الذين آمنوا اتقوا الله وابتغوا إليه الوسيلة﴾. الوسيلة هي القربة؛ عن أبي وائل والحسن ومجاهد وقتادة وعطاء والسدي وابن زيد وعبدالله بن كثير، وهي فعيلة من توسلت إليه أي تقربت؛ قال عنترة:

إنّ الرجال لهم إليكِ وسيلة ... أنْ يأخذوكِ تكحّلي وتخضّبي

والجمع الوسائل؛ قال:

إذا غفل الواشون عُدنا لوصلنا ... وعاد التصافي بيننا والوسائل

ويقال: منه سِلتُ أسال أي طلبت، وهما يتساولان أي يطلب كلّ واحد من صاحبه؛ فالأصل الطلب؛ والوسيلة القربة التي ينبغي أن يُطلب بها، والوسيلة درجة في الجنة، وهي التي جاء الحديث الصحيح بها في قوله عليه الصلاة والسلام: (فمن سأل لي الوسيلة حلت له الشفاعة).

ഇമാം ഖുർതുബി ഇവിടെ മേൽ പറഞ്ഞ 7 പണ്ഡിതന്മാരിൽ നിന്നുമുദ്ധരിക്കുന്നതും സൽകർമ്മം വഴിയുളള അടുപ്പം എന്നു തന്നെയാണ്.

ഇനി സുന്നി പണ്ഡിതൻമാർ തന്നെ അവരുടെ ഖുർആൻ പരിഭാഷകളിൽ ഈ ആയത്തിന് നൽകിയ അർത്ഥവും വ്യാഖ്യാനവും ശ്രദ്ധിക്കുക. പ്രസിദ്ധസുന്നി പണ്ഡിതനായ തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമി ഈ ആയത്തിനെ വിശദീകരിക്കുന്നത് കാണുക:

(ഫത്ഹുൽ അലീം 1-261)



സൂറത്തുൽ മാഇദ 261 ജുസ്ഉ് 6

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ وَجَٰهِدُوا۟ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ۝٣٥

35. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, അവങ്കലേക്ക് എത്തിച്ചേരാനുള്ളമാർഗ്ഗം അന്വേഷിക്കുകയും അവന്റെ മാർഗ്ഗത്തിൽ പോരാടുകയും ചെയ്യുക. എങ്കിൽ നിങ്ങൾ വിജയികളായേക്കും.

അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞകൾ ധിക്കരിച്ച അക്രമികളെക്കുറിച്ച് പറഞ്ഞതിന് ശേഷം സത്യവിശ്വാസികൾ അനുവർത്തിക്കേണ്ട നിലപാട് വിശദീകരിക്കുകയാണ്. വിജയം നേടുന്നതിന് മൂന്നുകാര്യങ്ങളാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. 1 അല്ലാഹുവിനെ സൂക്ഷിക്കുക. അതായത് അല്ലാഹു വിരോധിച്ച എല്ലാ കാര്യങ്ങളും വർജ്ജിക്കുക. 2 അല്ലാഹുവിങ്കലേക്കെത്തിക്കുന്ന മാർഗ്ഗംതേടുക. അതായത് അവനെ അനുസരിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുക. 3 അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുക. വളരെ വ്യാപകമായ അർത്ഥമാണിതിനുള്ളത്. സ്വന്തം ശരീരേച്ഛയെ എതിർത്ത് തോല്പിക്കുന്നത് മുതൽ ശത്രുക്കളോട് ആയുധമെടുത്ത് പോരാടുന്നത്വരെ ഇതിന്റെ പരിധിയിൽപ്പെടുന്നു.

നോക്കു, വസീലതേടുക എന്നതിന് അദ്ദേഹം നൽകുന്ന അർത്ഥം 'അവങ്കലേക്ക് എത്തിചേരാനുള്ള മാർഗ്ഗം അന്വേഷിക്കുക' എന്നും. അതിനെ വ്യാഖ്യാനിക്കുന്നത് 'അവനെ അനുസരിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുക' എന്നുമാണ്. എത്ര വ്യക്തവും സത്യസന്ധവുമാണീ വ്യാഖ്യാനം! ഈ പരിഭാഷയെ എസ്. എസ്. എഫിന്റെ മുഖപത്രമായ രിസാല വാരിക പരിചയപ്പെടുത്തിയത് 'അഹ്‌ലുസുന്നത്തിവൽ ജമാഅത്തിന്റെ ആശയങ്ങളോട് നൂറുശതമാനവും നീതിപുലർത്തുന്നത്' എന്നാണ്. അപ്പോൾ ഇതാണ് യഥാർത്ഥ സുന്നത്ത് ജമാഅത്തിന്റെ ആശയം എന്നർത്ഥം.

സമസ്തയുടെ സെക്രട്ടറിയായിരുന്ന കെ.വി. മുഹമ്മദ് മുസ്‌ല്യാർ കൂറ്റനാട് ഈ ആയത്തിന് നൽകുന്ന പ്രധാന വ്യാഖ്യാനം കാണുക:

**(ഫത്ഹുർറഹ്മാൻ–2/50)**




> 50 | അധ്യായം 5 | സൂറത്തുൽ
>
> يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ وَجَـٰهِدُوا۟ فِى سَبِيلِهِۦ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾
>
> 35. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അവങ്കലേക്കു എത്തിച്ചേരാനുള്ള മാർഗം അന്വേഷിക്കുക. അവന്റെ മാർഗത്തിൽ പോരാടുകയും ചെയ്യുക. എന്നാൽ, നിങ്ങൾ വിജയികളായേക്കും.(35)
>
> (35) അല്ലാഹുവിന്റെയും റസൂലിന്റെയും ആജ്ഞകളെ ധിക്കരിച്ച അതിക്രമകാരികളായ യഹൂദികളുടെ ദുഷിച്ച സമ്പ്രദായങ്ങൾ വിവരിച്ചതിനെതുടർന്ന് സത്യവിശ്വാസികൾ സ്വീകരിക്കേണ്ട മാർഗം വിശദീകരിച്ചിരിക്കുകയാണ്. ഏതൊന്നു മുഖേന ലക്ഷ്യത്തിൽ എത്തിച്ചേരുന്നുവോ ആ ഒന്നിന് 'വസീല' എന്നു പറയുന്നു. 'അല്ലാഹുവിനെ സൂക്ഷിക്കുക' എന്നാൽ അവൻ വിരോധിച്ച എല്ലാ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുക എന്നാണ്. അവങ്കലേക്കു എത്തിച്ചേരാനുള്ള മാർഗം(വസീല) അന്വേഷിക്കുക എന്നാൽ അവൻ കൽപിച്ച കാര്യങ്ങൾ അനുസരിക്കുക, അവനു വഴിപ്പെടുക എന്നാണ്. ഇമാം ഖതാദ(റ) പറയുന്നു: അല്ലാഹുവിനെ അനുസരിച്ചും അവനെ തൃപ്തിപ്പെടുത്തുന്ന കർമങ്ങൾ ചെയ്തും അവനിലേക്ക് നിങ്ങൾ അടുക്കുകയെന്നാണർഥം (അദ്ദുർറുൽ മൻസൂർ 6:71). വസീല എന്ന വാക്ക് വളരെ വിപുലമായ അർഥങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് അതിൽ നിന്ന് ഗ്രഹിക്കാം. നമസ്കാരം, നോമ്പ് തുടങ്ങി ദേഹം കൊണ്ട് ചെയ്യുന്ന സൽക്കർമങ്ങളും സകാത്, സദഖ തുടങ്ങിയ ധനപരമായ സൽക്കർമങ്ങളും ദിക്ർ ദുആ മുതലായവയും അതിൽ പെടുന്നുണ്ട്. പ്രാർഥിക്കുമ്പോൾ അവനവൻ ചെയ്ത സൽക്കർമങ്ങൾ മുൻനിറുത്തി പ്രാർഥിക്കലും അതിൽ പെടുന്നു. ഒരു ഗുഹയിൽ മൂന്നുപേർ കുടുങ്ങിപ്പോയതും ചെയ്തുപോയൊരു സത്കർമം മുൻനിറുത്തി അല്ലാഹുവിനോട് പ്രാർഥിച്ചപ്പോൾ ഫലം കണ്ടതുമായ സംഭവം സുപ്രസിദ്ധവും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചതുമാണ്.

ഈ വ്യാഖ്യാനത്തിനുശേഷം ഇദ്ദേഹം കടുത്ത ദുർവ്യാഖ്യാനം നടത്തുന്നുണ്ടെങ്കിലും ഈ ആദ്യഭാഗത്ത് ആയത്തിന്റെ യഥാർത്ഥ വിവക്ഷ വളരെ വ്യക്തമായി തന്നെ വിശദീകരിച്ചിട്ടുണ്ട്. യാതൊരു സംശയങ്ങൾക്കും ഇടയില്ലാത്ത വിധം ഉദാഹരണ സഹിതം നൽകിയ ഈ വ്യാഖ്യാനം ഏറെ ശ്രദ്ധേയമാണ്.

കെ.വി. മുഹമ്മദ് മുസ്‌ല്യാർ പന്താവൂർ തന്റെ ഖുർആൻ ഉൾസാര വ്യാഖ്യാനത്തിൽ ഈ ആയത്തിന് നൽകുന്ന വ്യഖ്യാനം കാണുക:

(ഖുർആനിന്റെ ഉൾസാര വ്യാഖ്യാനം 4–113)




അദ്ധ്യായം 5 .. 111 .. മാഇദ

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ وَجَاهِدُوا
فِي سَبِيلِهِ لَعَلَّكُمْ تُفْلِحُونَ ﴿٣٥﴾

35 സത്യവിശ്വാസികളേ, അല്ലാഹുവിനോട് ''തഖ്‌വ'' കൈക്കൊള്ളുവിൻ. അവനിലേക്ക് പോകാനുള്ള ''വസീല'' (മാധ്യമം) അന്വേഷിപ്പിൻ. അവന്റെ പാതയിൽ 'ജിഹാദ്' നടത്തുകയും ചെയ്യുവിൻ. നിങ്ങൾ വിജയം പ്രാപിക്കാൻവേണ്ടി. (9)

9 അല്ലാഹുവിനെ പ്രാപിക്കാനുതകുന്ന എല്ലാകാര്യങ്ങളും അവനിലേക്കുള്ള ''വസീല'' (മാധ്യമം) കളാണ്. ജീവിതം തന്നെ അതിനുള്ള മാധ്യമമാക്കിമാറ്റുകയാണ് വേണ്ടത്. ആ പാതയിലൂടെ മുന്നോട്ടുനീങ്ങുമ്പോൾ വഴി തടയുന്ന ശക്തികളെ തട്ടിമാറ്റുന്നതിനാണ് 'ജിഹാദ്' എന്നു പറയുന്നത്. അത് മനുഷ്യരോടായാലും സ്വന്തം നഫ്സിനോടായാലും പിശാചിനോടായാലും, 'ജിഹാദ്', തന്നെ. ആദ്യം സ്വന്തം നഫ്സിനെ തന്നെയാണ് കീഴടക്കേണ്ടത്. പിന്നെ മറ്റു പ്രതിബന്ധങ്ങളോടും പൊരുതണം. ഈ പോരാട്ടമായിരിക്കണം ജീവിതം. എന്നാൽ തീർച്ചയായും ലക്ഷ്യത്തിലെത്തി ജന്മസാഫല്യം നേടാം. അല്ലാത്തപക്ഷം ജീവിതം ഒരു നഷ്ടക്കച്ചവടമായി മാറുകയും ചെയ്യും. പ്രതിബന്ധങ്ങൾക്ക് മുമ്പിൽ പതറുകയും, തന്നെ പിന്മാറുകയും ചെയ്യുന്ന സ്വഭാവമുള്ളവർക്ക് ഈ പാതയിലൂടെ മുന്നേറാനോ, ആത്മസാക്ഷാത്കാരം നേടാനോ സാധിക്കുകയില്ല.

ഇവിടെയും മുസ്ല്യാക്കന്മാരുടെ വാദത്തെ ഇദ്ദേഹം അംഗീകരിക്കുന്നില്ല. ചുരുക്കത്തിൽ 'വസീല' എന്നതിന് അടുപ്പിക്കുന്ന മാർഗ്ഗം, സാമീപ്യം എന്നെല്ലാമാണ് സമസ്തക്കാരായ ഖുർആൻ പണ്ഡിതൻമാർപോലും നൽകിയ അർത്ഥമെന്ന് വ്യക്തമായി.

ഇനി വാദത്തിനുവേണ്ടി ഈ ആയത്ത് മഹാന്മാരെ തവസ്സുലാക്കാൻ തെളിവാണെന്ന് സമ്മതിച്ചാൽപോലും ഈ മൊല്ലമാർക്ക് എതിരാണീ ആയത്ത്. കാരണം ഇവർ വാദിക്കാറുള്ളത് തവസ്സുൽ കേവലം അനുവദനീയമാണെന്ന് മാത്രമാണ്. വാദപ്രതിവാദങ്ങൾക്ക് എഴുതിയ വ്യവസ്ഥകളിലും ഈ വിഷയകമായി ഇവരെഴുതിയ പുസ്തകങ്ങളിലുമെല്ലാം ഇതുകാണാം. എന്നാൽ ഈ ആയത്തിൽ പറയുന്നത് തവസ്സുൽ നിർബന്ധമാണെന്നാണ്. കാരണം ഇവിടെയുള്ള കൽപന നിർബന്ധത്തെ കുറിക്കുന്നതാണെന്നാണ് പണ്ഡിതന്മാർ വിശദീകരിക്കുന്നത്. അപ്പോൾ ഈ ആയത്ത് പ്രകാരം മുസ്ല്യാക്കന്മാരുടെ 'വ്യാജതവസ്സുൽ' നിർബന്ധമാണെന്ന് വാദിക്കേണ്ടിവരും. പക്ഷെ ഇവരുടെ വാദമാകട്ടെ ഇതിനെ തിരാണുതാനും. ഇങ്ങനെ ധാരാളം വൈരുദ്ധ്യങ്ങൾ ഇവരുടെ ദുർവ്യാഖ്യാനത്തിലൂടെ പുറത്തുവരുന്നു.

ചുരുക്കത്തിൽ സൂറ:മാഇദയിലെ 35–ാം വചനത്തിലെ 'വബ്തഗൂഇലൈഹിൽവസീലത' എന്നതിന് സ്വാലിഹീങ്ങളെക്കൊണ്ട് ഇടതേടുക എന്ന അർത്ഥമില്ലെന്നും സൽകർമ്മം വഴി അല്ലാഹുവിന്റെ സാമീപ്യം തേടലാണ് അതുകൊണ്ടുദ്ദേശ്യമെന്നും ആധികാരികമായ തഫ്സീറുകളിൽ നിന്നും സമസ്തക്കാർ തന്നെ എഴുതിയ ഖുർആൻ പരിഭാഷകളിൽ നിന്നും യാതൊരുസംശയത്തിനും പഴുതില്ലാത്തവിധം വ്യക്തമായി. മുസ്ല്യാക്കന്മാർ ഈ ആയത്തിനുനേരെ നടത്തുന്നത് കടുത്തകയ്യേറ്റമാണെന്നും....